Draft #1 of File 90183/EA 2-2/2021/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 25-Jun-2021 10:10 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

കോവിഡ് 19 -ന്റെ വ്യാപനം നിലനിൽക്കുന്ന സാഹചര്യത്തിൽ മഹാത്മാ ഗാന്ധി സർവ്വകലാശാലാ പരീക്ഷാകേന്ദ്രങ്ങളിൽ പാലിക്കുന്നതിനായുള്ള നിർദേശങ്ങൾ -വൈസ് ചാൻസിലർ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 2900/EA 2/2021/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 25.06.2021

---

*പരാമർശം:*-1. സ.ഉ.നം. 765/2021/ഉ.വി.വ തീയതി 11.06.2021.

2. വൈസ് ചാൻസലറുടെ 25.06.2021 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

കോവിഡ് 19-ന്റെ വ്യാപനം നിലനിൽക്കുന്ന സാഹചര്യത്തിൽ മഹാത്മാ ഗാന്ധി സർവ്വകലാശാല പരീക്ഷാകേന്ദ്രങ്ങളിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്നു വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

A.

1. കോവിഡ് 19 -ന്റെ വ്യാപനം തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ മാർഗ്ഗനിർദേശങ്ങളും സുരക്ഷാ ക്രമീകരണങ്ങളും പരീക്ഷാ കേന്ദ്രങ്ങളിൽ കൃത്യമായി പാലിച്ചിരിക്കേണ്ടതാണ്.

2. അടഞ്ഞു കിടക്കുന്ന ക്ലാസ് മുറികൾ പരീക്ഷയ്ക്ക് മുൻപ് അണുവിമുക്തമാക്കേണ്ടതാണ്. ഇതിന് ഫയർ ഫോഴ്സിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണം പരീക്ഷ കേന്ദ്രം പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ മേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

3 . ഓരോ പരീക്ഷയ്ക്ക് ശേഷവും പരീക്ഷാകേന്ദ്രങ്ങൾ അണുവിമുക്തമാക്കേണ്ടതാണ്.

4. ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ മാനദണ്ഡങ്ങളും സുരക്ഷാക്രമീകരണങ്ങളും പാലിച്ചു കൊണ്ട് പരീക്ഷാദിവസങ്ങളിൽ താമസ സൗകര്യം ഒരുക്കേണ്ടതും അതിനു മുൻപായി ഹോസ്റ്റലുകൾ അണുവിമുക്തമാക്കേണ്ടതുമാണ്.

5. ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6. പരീക്ഷാകേന്ദ്രത്തിലേക്ക് ഒരു പ്രവേശന കവാടം മാത്രമേ അനുവദിക്കുവാൻ പാടുള്ളൂ.

7. പ്രവേശന കവാടത്തിൽ തന്നെ സോപ്പും വെള്ളവും ഉറപ്പാക്കേണ്ടതാണ്.

8. പരീക്ഷാർത്ഥികൾ,സ്ക്രൈബുകൾ, പരീക്ഷാ സ്ക്വാഡ് അംഗങ്ങൾ ,ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ അല്ലാതെ മറ്റുള്ളവരെ പരീക്ഷാകേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കുവാൻ പാടില്ല.

9. പരീക്ഷാകേന്ദ്രങ്ങളിൽ പ്രവേശിക്കുന്നവർ നിർബന്ധമായും മാസ്ക് ധരിക്കേണ്ടതാണ് .

10 . പ്രവേശന കവാടത്തിൽ തന്നെ വിദ്യാർത്ഥികളുടെ ശരീരോഷ്മാവ് പരിശോധിക്കേണ്ടതാണ്.

11. പരീക്ഷാ കേന്ദ്രങ്ങളുടെ പരിസരത്ത് കൂട്ടം കൂടാനോ ചുറ്റിത്തിരിയാനോ പരീക്ഷാർഥികളെ അനുവദിക്കുവാൻ പാടില്ല .സാമൂഹിക അകലം കർശനമായി പാലിക്കേണ്ടതാണ്.

12 . എല്ലാ പരീക്ഷാ മുറികളിലും സാനിറ്റൈസർ കരുതേണ്ടതാണ്.

13 .ഇൻവിജിലേറ്റർമാർ നിബന്ധമായും മാസ്കും ഗ്ലൗസും ധരിക്കേണ്ടതാണ്.

.

14 . പേന, പെൻസിൽ,കാൽക്കുലേറ്റർ തുടങ്ങിയ വസ്തുക്കൾ കൈമാറ്റം ചെയ്യാൻ പാടില്ല.

15 . വിദ്യാർത്ഥികൾ അറ്റൻഡൻസ് ഷീറ്റിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതില്ല.

16. പരീക്ഷ കഴിഞ്ഞ് വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രം വിട്ട് പോകുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

17. ഈ പ്രോട്ടോക്കോളുകളുമായി ബന്ധപ്പെട്ട് വിശദമായ നിർദ്ദേശങ്ങൾ കോളേജ് പ്രിൻസിപ്പൽമാർ, പരീക്ഷാർത്ഥികളുടെയും ഇൻവിജിലേറ്റർമാരുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

18. പരീക്ഷാകേന്ദ്രങ്ങളിൽ പരീക്ഷ നടത്തുന്നത് സുഗമമാക്കുന്നതിന് സ്ഥാപനമേധാവി ,വിദ്യാർത്ഥി പ്രതിനിധികൾ ,അധ്യാപക പ്രതിനിധികൾ , അധ്യാപക-രക്ഷാകർത്തൃസമിതി പ്രതിനിധികൾ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രധിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

19. കോവിഡ് മൂലം പരീക്ഷ എഴുതുവാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സർവ്വകലാശാല വീണ്ടും പരീക്ഷ സർവ്വകലാശാല നടത്തുന്നതായിരിക്കും.

B. <u>PACKING-ൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>

1. ഉത്തരക്കടലാസുകൾ Q.P. CODE-ന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന രീതിയിൽ പ്രത്യേകം

Draft #1 of File 90183/EA 2-2/2021/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 25-Jun-2021 10:10 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

കെട്ടുകളായി

Pack ചെയ്യേണ്ടതാണ്.

a. റെഗുലർ വിദ്യാർത്ഥികൾ

b. പ്രൈവറ്റ് വിദ്യാർത്ഥികൾ

c. റെഗുലർ സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ്

d. പ്രൈവറ്റ് സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ്

2. Pack ചെയ്യുമ്പോൾ Q.P. CODE-ന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ നമ്പർ ക്രമത്തിൽ മേൽ സൂചിപ്പിച്ച രീതി അവലംബിക്കേണ്ടതാണ്

മേൽ നിർദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സോണി എസ് നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട കോളേജുകളിലെ പ്രിൻസിപ്പൽമാർ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി. എ മാർ
4. CE's സെക്ഷൻ
5. എ ആർ XI / ജെ. ആർ I (പരീക്ഷ)
6. ഐ.ക്യൂ.എ.സി/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ
7. സ്റ്റോക് ഫയൽ/ഫയൽ കോപ്പി

File 90183/EA 2-2/2021/EA 2

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 90183/EA 2-2/2021/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 25-Jun-2021 10:10 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം